പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5706 02.07.2019 ൽ മറുപടിയ്ക്ക്

## റെയിൽ ഫെൻസിംഗ്

| ചോദ്യം<br>ശ്രീ.ജോർജ്ജ് എം തോമസ് | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പ്രദേശത്ത് കാട്ടാനകൾ ഉൾപ്പെടെയുളള വന്യമൃഗശല്യം സംബന്ധിച്ച് നാട്ടുകാരുടെ ഭീമഹർജിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പ്രദേശത്ത് കാട്ടനകൾ ഉൾപ്പെടെയുള്ള വന്യമൃഗശല്യം സംബന്ധിച്ച് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസർ മുൻപാകെ 01.06.2019-ൽ നാട്ടുകാർ സമർപ്പിച്ച ഭീമഹർജിയിൽ, പ്രതിനിധികളുമായി ചർച്ച നടത്തുകയും വനം വകുപ്പിന് സാധ്യമായ എല്ലാ പ്രതിരോധ മാർഗ്ഗങ്ങളും സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രശ്നബാധിത മേഖലകളിൽ സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.<br>നിലവിൽ നിലമ്പൂർ നോർത്ത് ഡിവിഷനിൽ 86.79 കി.മീ. സൗരോർജ്ജ കമ്പിവേലി, 6.54 കി.മീ. ആന പ്രതിരോധ കിടങ്ങ്, 2.38 കി.മീ. ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. നാട്ടിലിറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിന് ദ്രുതകർമ്മ സേനയുടേയും, വാച്ചർമാരുടേയും സേവനങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്. പ്രസ്തുത ഹർജിയിൽ ആവശ്യപ്പെട്ട പ്രകാരം വെറ്റിലപ്പാറ വില്ലേജിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽപ്പെട്ട കോന്നൂർക്കണ്ടി, കുന്താനിക്കാട്, മരത്തോട് എന്നീ പ്രദേശങ്ങളിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം നഷ്ടം സംഭവിക്കുന്നവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |
| (ബി) | വന്യമൃഗശല്യം തടയുന്നതിന് റെയിൽ ഫെൻസിംഗ് നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ കുറിച്യാട് റെയിഞ്ചിലെ കുപ്പാടി ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട സത്രംകുന്ന് മുതൽ മൂടക്കൊല്ലി വരെ 10 കി.മീ നീളത്തിൽ റെയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ റെയിൽ ഫെൻസിംഗ് നടപ്പിലാക്കിയിട്ടില്ല. |

| | | |
|---|---|---|
| (സി) | കൂടുതൽ മേഖലകളിലേക്ക് റെയിൽ ഫെൻസിംഗ് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) വനാതിർത്തിയിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നത് സംബന്ധിച്ച സാധ്യതകൾ പരിശോധിച്ചിരുന്നു. എന്നാൽ, ഇത് വളരെയേറെ ചിലവ് കൂടിയ പദ്ധതിയാണ്. ഒരു കിലോമീറ്റർ നീളത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് ഏകദേശം ഒരു കോടി എൺപത് ലക്ഷം രൂപ ചിലവ് വരും. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, കല്ലിന്റെ ദൗർലഭ്യം എന്നിവ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് പ്രയോഗിക തടസ്സങ്ങളാണ്. റെയിൽ ഫെൻസിംഗിനെക്കാൾ ചെലവ് കുറഞ്ഞ ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് നിർമ്മിക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ